29/12/21
10/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

## ഹർജി നമ്പർ AP No.523(4)/*2019/എസ്.ഐ.സി.*

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.4496/*എസ്.ഐ.സി-ജി 2/2019*)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

(തീയതി: 10-12-2021)

**ശ്രീമതി. ഷീല.ആർ**
ലീലാമന്ദിരം,
റെയിൽവേസ്റ്റേഷനു സമീപം, കടയ്ക്കാവൂർ
തിരുവനന്തപുരം, 695 306 — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി
   കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്
   തിരുവനന്തപുരം
2. അപ്പീൽ അധികാരി & പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
   സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്, തിരുവനന്തപുരം — എതിർകക്ഷികൾ

## ഉത്തരവ്

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 12-08-2020 ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്.

2. ഒന്നാം എതിർകക്ഷിയുടെ അധികാര പരിധിയിലുള്ള സ്ഥലത്തെ മരം മുറിച്ചതുമായി ബന്ധപ്പെട്ട 9 വിവരങ്ങൾ ചോദിച്ചിട്ട് 1,2,5,9 എന്നീ ചോദ്യങ്ങൾക്ക് കൃത്യമായി മറുപടി നൽകിയില്ലായെന്നതായിരുന്നു പരാതിക്ക് അടിസ്ഥാനം. ഉത്തരവ് കൈപ്പറ്റി രണ്ടാഴ്ച്ചക്കുള്ളിൽ നിലവിലെ എസ്.പി.ഐ.ഒ ഇതിന് കൃത്യമായി മറുപടി നൽകുകയും, ഇക്കാര്യം കമ്മീഷനെ അറിയിക്കുകയും ചെയ്യേണ്ടതാണ് എന്നായിരുന്നു ഉത്തരവിൽ പറഞ്ഞിരുന്നത്. അതോടൊപ്പം വിവരാവകാശ അപേക്ഷ കൈപ്പറ്റിയ സന്ദർഭത്തിൽ (21-11-2018) അന്നത്തെ എസ്.പി.ഐ.ഒ കൃത്യമായി മറുപടി നൽകാതിരുന്നതിനുള്ള വിശദീകരണം ഒരു മാസത്തിനുള്ളിൽ നൽകേണ്ടതാണ് എന്നും, ടിയാന്റെ വിശദീകരണം വാങ്ങി കമ്മീഷന് ലഭ്യമാക്കേണ്ട ചുമതല നിലവിലെ എസ്.പി.ഐ.ഒ ക്കായിരിക്കും എന്നും, ഉത്തരവിൽ പറഞ്ഞിരുന്നു.

3. ഇതിനു ശേഷം, ഉത്തരവ് അനുസരിച്ച് വിവരങ്ങൾ ലഭിച്ചില്ലായെന്നു കാണിച്ച് അപ്പീൽ ഹർജിക്കാരി 07-09-2020ൽ കമ്മീഷന് മറ്റൊരു പരാതി നൽകി. ഇതിനു ശേഷം 16-11-2020 ൽ ഒന്നാം എതിർകക്ഷി കമ്മീഷനു നൽകിയ കത്തിൽ പറയുന്നത് അപ്പീൽ കക്ഷിയായ ശ്രീമതി. ഷീല.ആർ , ലീല മന്ദിരം, എന്ന ആൾക്ക് ടിയാളുടെ 30-11-2018 ലെ ജെ.എസ്. 6747/2018 അപേക്ഷ പ്രകാരം വീണ്ടും വിശദമായ മറുപടി അയച്ചു നൽകിയിട്ടുള്ളതാണ് എന്ന് ടി കാലയളവിലെ എസ്.പി.ഐ.ഒ ആയിരുന്ന ശ്രീമതി. അരുണപ്രഭക്കും കത്തിന്റെ പകർപ്പ് രജിസ്റ്റേർഡ് തപാലിൽ അയച്ചു നൽകിയിട്ടുള്ളതാണ് എന്നും ടി കത്തിൽ പറയുന്നു. അയച്ച മറുപടിയുടെ പകർപ്പും കമ്മീഷനു ലഭ്യമാക്കിയിട്ടുണ്ട്.

4. ഇതിനു ശേഷം, അപ്പീൽ ഹർജിക്കാരി 26-11-2020ൽ, ഏറ്റവും ഒടുവിൽ 19-02-2021ൽ കമ്മീഷന് പരാതി നൽകി. 19-02-2021ൽ നൽകിയ പരാതിയിൽ, 12-02-2021 ന് എസ്.പി.ഐ.ഒ നൽകിയ കത്തിന്റെ പകർപ്പു കൂടി സമർപ്പിച്ചിട്ടുണ്ട്. 1,2,5 ചോദ്യങ്ങൾക്ക് മറുപടി നൽകാതിരുന്നതിന്റെ കാരണവും ചോദ്യം 9 മായി ബന്ധപ്പെട്ട ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്ന് അറിയിച്ചതിന്റെ കാരണവും അറിയിക്കുന്നതിന് നടപടികൾ

സ്വീകരിക്കണം എന്നാണ് അപ്പീൽ ഹർജിക്കാരി ഏറ്റവും ഒടുവിൽ നൽകിയ പരാതിയിൽ പറഞ്ഞിരുന്നത്.

5. അപ്പീൽ ഹർജിക്കാരിയുടെ പരാതി കമ്മീഷൻ അത്യന്തം ഗൗരവത്തോടെ കാണുന്നു. ബന്ധപ്പെട്ട ഫയൽ കണ്ടെത്തുന്നതിന് ഓഫീസ് ഉത്തരവിലൂടെ ഒരു ടീം രൂപീകരിച്ചിട്ടുണ്ട് എന്നും, ആ ടീമിന് ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാ എന്നുമാണ് നിലവിലെ എസ്.പി.ഐ.ഒ 12-02-2021 ൽ അപ്പീൽ ഹർജിക്കാരിയെ അറിയിച്ചിട്ടുള്ളത്. ടീം രൂപീകരിച്ചതിനു ശേഷവും ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെങ്കിൽ, ഗൗരവമുള്ള കാര്യമാണ്. ടീം രൂപീകരിച്ച് ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെങ്കിൽ, സാധാരണ ഗതിയിലുള്ള നടപടിയല്ല ഇവിടെ ആവശ്യം, അതു കണ്ടെത്തി അപ്പീൽ ഹർജിക്കാരിക്ക് സത്യസന്ധമായ വിവരങ്ങൾ നൽകുകയാണ് വേണ്ടത്. ടീം രൂപീകരിച്ചിട്ടും ഫയൽ കണ്ടെത്താൻ കഴിയുന്നില്ലായെന്നും, വിവരങ്ങൾ നൽകാൻ കഴിയുന്നില്ലായെന്നും പറയുന്നത് ഒരുതരത്തിലും സ്വീകാര്യമല്ല. ഒന്നാം എതിർകക്ഷിയുടെ ഓഫീസായ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് അപ്പീൽ ഹർജിക്കാരി കുറെ പണം അടയ്ക്കാനുള്ള ഒരു ഫയൽ ഉണ്ടായിരുന്നു എന്നു വന്നാൽ, അത്തരം ഒരു ഫയൽ കണ്ടെത്താൻ കഴിയാതെ വരുമോ എന്ന കാര്യവും ഒന്നാം എതിർകക്ഷി വിശദീകരിക്കേണ്ടതാണ്. ടീം രൂപീകരിച്ചാണ് ബന്ധപ്പെട്ട ഫയൽ കണ്ടെത്തേണ്ടത് എന്നു പറയുന്നതിൽ ദുരൂഹതയുണ്ടോ എന്ന്, ആരെങ്കിലും ആരോപിച്ചാൽ അവരെ കുറ്റം പറയാൻ കഴിയില്ല. "ഡെൻമാർക്കിൽ എന്തോ ചീഞ്ഞു നാറുന്നു" എന്നു ഷേക്സ്പിയർ പറഞ്ഞതു പോലെ ഒന്നാം എതിർകക്ഷിയുടെ ഓഫീസിലും എന്തോ ചീഞ്ഞു നാറുകയാണെന്നു സംശയം തോന്നുന്നു.

6. ആയതു കൊണ്ട്, അത് കണ്ടെത്താൻ കഴിയുന്നില്ല എന്ന ഒന്നാം എതിർകക്ഷിയുടെ വാദം കമ്മീഷൻ നിരാകരിക്കുന്നു. ഒന്നാം എതിർകക്ഷിയെയും, ഫയൽ കണ്ടെത്താൻ ഓഫീസ് ഓർഡർ പ്രകാരം രൂപീകരിക്കപ്പെട്ട ടീമിലെ അംഗങ്ങളായ ഉദ്യോഗസ്ഥരെയും (ടി ഉദ്യോഗസ്ഥരെ കല്പിത എസ്.പി.ഐ.ഒ മാരായി പരിഗണിച്ച്)

വിവരാവകാശ നിയമം 20(1) വകുപ്പ പ്രകാരം ശിക്ഷിക്കാൻ കമ്മീഷൻ തീരുമാനിക്കുന്നു. ശിക്ഷ ഏർപ്പെടുത്താതിരിക്കാൻ കാരണങ്ങൾ ഉണ്ടെങ്കിൽ ആയത് ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനുള്ളിൽ കമ്മീഷനെ അറിയിക്കേണ്ടതാണ്. വിവരങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തിയ എസ്.പി.ഐ.ഒ മാരുടെയും, ഫയൽ കണ്ടെത്തുന്നതിന് രൂപീകരിക്കപ്പെട്ട ടീമിലെ ഉദ്യോഗസ്ഥരുടെയും പേരുകളും, പൂർണ്ണമായ ഔദ്യോഗിക മേൽ വിലാസവും മറുപടി കത്തിൽ കമ്മീഷനെ അറിയിക്കേണ്ടതാണ്. ടി കക്ഷികളുടെ വിശദീകരണം ഒന്നും മേൽ-പറഞ്ഞ കാലയളവിനുള്ളിൽ കമ്മീഷന് ലഭിക്കുന്നില്ലായെങ്കിൽ, ഇക്കാര്യത്തിൽ ടി കക്ഷികൾക്ക് കൂടുതലായി ഒന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ ശിക്ഷാ നടപടികളുമായി മുന്നോട്ട് പോകുന്നതായിരിക്കും.

7. മേൽ പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം ഡിസംബർ 10, 2021 ന് കമ്മീഷൻ താല്ക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

pre